





# സംരംഭങ്ങൾക്കായി മൊബൈൽ ആപ്ലിക്കേഷൻ



**എസ്. ഹരികിഷോർ ഐ എ എസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

കുടുംബശ്രീ സംരംഭങ്ങളെ സംബന്ധിക്കുന്ന വിശദാംശങ്ങളാണല്ലോ കഴിഞ്ഞ കുറച്ച് പോസ്റ്റുകളിലൂടെ വ്യക്തമാക്കിയത്. സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ പ്രചോദനം നൽകുകയും വേണ്ട ധനസഹായം ലഭ്യമാക്കുകയും ആവശ്യമായ വിപണി കണ്ടെത്തി നൽകുകയും അടക്കമുള്ള പ്രവർത്തനങ്ങളാണ് സംരംഭ മേഖലയിൽ കുടുംബശ്രീ ചെയ്തുകൊണ്ടിരുന്നത്. സംരംഭങ്ങളുടെ ദിവസേനയോ മാസത്തിലോ ഉള്ള വിറ്റുവരവ് സംരംഭകർ തന്നെ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആ വിശദാംശങ്ങൾ കേന്ദ്രീകൃതമായി ഞങ്ങൾ ശേഖരിച്ചിരുന്നില്ല. അതിനാൽ തന്നെ ഓരോ സംരംഭത്തിന്റെയും ഉത്പാദനക്ഷമതയും ലാഭവും വിറ്റുവരുമൊന്നും വ്യക്തമായി മനസ്സിലാക്കാനും

കഴിഞ്ഞിരുന്നില്ല. മാത്രവുമല്ല നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സംരംഭങ്ങളെക്കുറിച്ച് കൃത്യമായ കണക്കുമുണ്ടായിരുന്നില്ല. ഇതിനൊരു മാറ്റം വരുത്തണമെന്ന് കരുതിയാണ് സംരംഭങ്ങളുടെ ഓരോ മാസത്തിലെയും വിറ്റുവരവ് രേഖപ്പെടുത്താൻ ഒരു മൊബൈൽ ആപ്ലിക്കേഷന് രൂപം നൽകാൻ ഞങ്ങൾ തീരുമാനിച്ചത്. 2017 ൽ നടത്തിയ സർവേയ്ക്ക് ശേഷമായിരുന്നു ഈ തീരുമാനം കൈക്കൊണ്ടത്.

കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോട് കൂടിയാണ് സംരംഭങ്ങൾക്കായുള്ള മൊബൈൽ ആപ്ലിക്കേഷൻ ഞങ്ങൾ തയാറാക്കിയത്. സംരംഭങ്ങളുടെ അടിസ്ഥാന വിവരങ്ങൾ, മാസ വിറ്റുവരവ് തുടങ്ങി സംരംഭങ്ങളെ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഈ ആപ്ലിക്കേഷൻ വഴി രേഖപ്പെടുത്താൻ കഴിയുന്നു. സംരംഭങ്ങളെ ജിയോ ടാഗ് ചെയ്യാനുള്ള സംവിധാനവുമുണ്ട്. ഓരോ സംരംഭങ്ങൾക്കും പ്രത്യേകം തിരിച്ചറിയൽ നമ്പരുകൾ നൽകാനും (യുണീക് ഐഡി) ഈ ആപ്ലിക്കേഷൻ വഴി കഴിയുന്നു. 2018 ഓഗസ്റ്റ് മാസത്തിലാണ് മൊബൈൽ ആപ്ലിക്കേഷൻ പൂർണ്ണമായി പ്രവർത്തന സജ്ജമായത്. അതിന് ശേഷം സംരംഭങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷനും 2017–18, 2018–19 സാമ്പത്തിക വർഷങ്ങളിൽ മാസംതോറും നേടിയ വിറ്റുവരവും മൊബൈൽ ആപ്ലിക്കേഷൻ വഴി രേഖപ്പെടുത്തി. കേരളത്തിലെ 99 ശതമാനം സംരംഭങ്ങളുടെയും രജിസ്ട്രേഷൻ നടത്താനും അതിൽ 70 ശതമാനത്തിന്റെയും വിറ്റുവരവും ഈ ആപ്ലിക്കേഷൻ വഴി സമയബന്ധിതമായി രേഖപ്പെടുത്താനും ഞങ്ങളുടെ ടീമിന് കഴിഞ്ഞു.

മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് സംരംഭങ്ങളുടെ മാസംതോറുമുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നതിനുള്ള പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. ഈ ആപ്ലിക്കേഷൻ വഴി സംരംഭകരുടെ വ്യക്തിപരമായ വിവരങ്ങൾ ഉൾപ്പെടെയാണ് രേഖപ്പെടുത്തുന്നത്. ജില്ലയും സിഡിഎസും തിരിച്ചുള്ള സംരംഭങ്ങളുടെ വിവരങ്ങൾ ഇങ്ങനെ രേഖപ്പെടുത്തുന്നു. ഓരോ മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർക്കും 100 മുതൽ 300 വരെയുള്ള സംരംഭങ്ങളുടെ ചുമതലയാണുള്ളത്. ഇവരിലൂടെയാണ് ഈ സംരംഭങ്ങളുടെ വിറ്റുവരവിന്റെ വിശദാംശങ്ങൾ ശേഖരിക്കുന്നത്. എംഇസിമാർ സംരംഭങ്ങൾ സന്ദർശിച്ച് രജിസ്ട്രർ നോക്കി പ്രതിമാസ വിറ്റുവരവ് ശേഖരിച്ച് അത് മൊബൈൽ ആപ്പിൽ രേഖപ്പെടുത്തുന്നു.

ഇത്തരത്തിൽ സൂക്ഷ്മ സംരംഭങ്ങളുടെ കൂടുതൽ കൃത്യമായ വിവരങ്ങൾ ലഭ്യമാകുന്നതിലൂടെ നിരവധി ഗുണങ്ങളുണ്ട്. സംരംഭങ്ങളുടെ നിലവാരവും ലാഭവും മനസ്സിലാക്കി കൂടുതൽ സഹായങ്ങൾ ചെയ്ത് അവയെ കൂടുതൽ ഉയർച്ചയിലേക്ക് കൊണ്ടുപോകാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്താനും ഞങ്ങൾക്ക് സാധിക്കുന്നു.